LIBRARY ARCHIVES Kerala Legislative Assembly

മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ

217 (1587) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മൃഗചികിത്സ, മൃഗശുശ്രൂഷ തുടങ്ങിയവയിൽ ഏർപ്പെടുന്ന മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മൃഗങ്ങളിൽനിന്നും ആക്രമണം നേരിടേണ്ടിവരാറുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇപ്രകാരം സംഭവിക്കുമ്പോൾ ഇവരുടെ ചികിത്സാ ചെലവുകൾ തുടങ്ങിയ കാര്യങ്ങൾക്ക് ധനസഹായം നൽകാറുണ്ടോയെന്ന വ്യക്ത മാക്കുമോ ;

(ബി) കന്നുകാലികളിൽനിന്നും മറ്റ് വളർത്തുമൃഗങ്ങളിൽ നിന്നും ആക്രമണം നേരിടേണ്ടിവരുന്ന മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇവർക്കുവേണ്ടി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിലെ ജീവനക്കാർക്ക് മൃഗങ്ങളിൽ നിന്നും ആക്രമണം നേരിടേണ്ടി വന്നാൽ ചികിത്സാചെലവുകൾക്ക് പ്രത്യേകമായി ധനസഹായം അനുവദിക്കാറില്ല. മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കുന്നകാര്യം പരിഗണനയിലാണ്.

ഗോവർദ്ധിനി പദ്ധതി

218 (1588) ശ്രീ. പാലോട് രവി :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗോവർദ്ധിനി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;